കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ആറാം സമ്മേളനം

1981 ആഗസ്റ്റ് 19, ബുധൻ

വാല്യം LIV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 22

നിയമസഭ 1981 ആഗസ്റ്റ് 19-ാം തീയതി ബുധനാഴ്ച രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പഞ്ചായത്ത് മെമ്പറൻമാരുടെ രാജി

*549 (597) ശ്രീ. എം. പി. താമി :
,, പി. ജെ. ജോസഫ് :
,, എ. എൽ. ജേക്കബ് :
,, ജോസ് കുറ്റിയാനി :
,, രാഘവൻ പൊഴക്കടവിൽ :
,, എം. പി. രാജൻ മാസ്റ്റർ :
,, കെ. കെ. ശ്രീനിവാസൻ :
ഡോക്ടർ എം. എ. കുട്ടപ്പൻ :
ശ്രീ. ടി. എം. ജേക്കബ് :
,, പി. സീതി ഹാജി :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്തു മെമ്പറൻമാർ രാജി വയ്ക്കാൻ ആലോചിക്കുന്നതായുള്ള പത്രവാർത്ത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ രാജിക്ക് എന്തു കാരണമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത് ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി) :

(എ) അത്തരം ഒരു പത്രവാർത്ത കാണുകയുണ്ടായി.

(ബി) നികുതി പിരിവിനുള്ള ഒരു ഏജൻസി മാത്രമാക്കി പഞ്ചായത്തുകളെ തരംതാഴ്ത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു എന്നതാണ് പത്രവാർത്തയിൽ രാജിയെക്കുറിച്ച് ആലോചിക്കുന്നതിന്റെ കാരണമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

ശ്രീ. എം. പി. താമി : നിലവിലുള്ള നിബന്ധനകളും നിയമങ്ങളും വച്ചുകൊണ്ട് തിരഞ്ഞെടുപ്പിൽക്കൂടി വന്നിട്ടുള്ള പഞ്ചായത്തു മെമ്പറൻമാരും പ്രസിഡൻറുമാരും രാജിവയ്ക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു ഭരണസമിതി പിരിച്ചുവിട്ട് പുതുതായി ഒരു തെരഞ്ഞെടുപ്പ് നടത്താൻവേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : ആഗ്രഹം ഇപ്പോൾ നടക്കുന്ന ലക്ഷണമില്ല. പഞ്ചായത്ത് അസോസിയേഷനുമായി അവർ ഉന്നയിച്ച പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചചെയ്ത ഒരു തീരുമാനം എടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ രാജിയൊന്നും വയ്ക്കുന്നില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എം. പി. താമി : രാജിവയ്ക്കാൻ കാരണമായ വസ്തുതകൾ പഞ്ചായത്ത് പ്രസിഡണ്ടുമാരും മെമ്പറൻമാരും ചൂണ്ടിക്കാണിച്ചത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : രാജിവച്ചിട്ടില്ലല്ലോ

ശ്രീ. ജോസ് കുറ്റ്യാനി : പുതിയ കൂടിയാലോചനകളുടെയും തീരുമാനത്തിന്റെയും ഫലമായി എന്തെങ്കിലും കൂടുതൽ അധികാരങ്ങൾ പഞ്ചായത്ത് കമ്മറിറികൾക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത് എന്തെന്ന് വെളിപ്പെടുത്തുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : എക്സിക്യൂട്ടീവ് ഓർഡർമൂലം നിലവിലുള്ള പഞ്ചായത്ത് ആക്ട് അനുസരിച്ച് നൽകാവുന്ന അധികാരങ്ങളെല്ലാം ഇതിനകം നൽകിയിട്ടുണ്ട്. ആക്ടിൽ ഭേദഗതി വരുത്തി കൂടുതൽ അധികാരങ്ങൾ നൽകുന്നതിനെസംബന്ധിച്ച് ആലോചിച്ചിട്ടില്ല.

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കള്ളക്കടത്തും കരിഞ്ചന്തയും പിടിക്കുന്നതിനു ചുമതലപ്പെടുത്തിയ പഞ്ചായത്തു മെമ്പറൻമാർ ഉൾപ്പെടെയുള്ള കമ്മറിറിക്കാർ പരിശോധനയ്ക്കു പോയപ്പോൾ പലയിടത്തും ദേഹോപദ്രവം ഏൽക്കേണ്ടി വന്നതുകൊണ്ടല്ലേ ഇങ്ങനെ ഒരു പ്രസ്താവന പുറപ്പെടുവിച്ചത് ?

ശ്രീ. ആർ. എസ്. ഉണ്ണി : ഇത് ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും പഞ്ചായത്ത് മെമ്പറൻമാർ ഉൾപ്പെടെയുള്ള വിജിലൻസ് കമ്മിറിറി രൂപീകരിച്ചിട്ടുണ്ട്. പല സ്ഥലത്തും അവർ നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ട്. വലിയ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വന്നതായി പരാതി കിട്ടിയിട്ടില്ല. അങ്ങനെയെന്തെങ്കിലും പരാതികൾ കിട്ടിയാൽ നടപടി എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഏതെങ്കിലും പഞ്ചായത്ത് മെമ്പറൻമാർ രാജിവച്ചതായി അറിയാമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : ഒരു പഞ്ചായത്തു മെമ്പറും രാജിവച്ചതായി ഗവൺമെൻറിന് അറിവില്ല.

ശ്രീ. കെ. കെ. ശ്രീനിവാസൻ : പഞ്ചായത്ത് മെമ്പറൻമാർക്ക് താലൂക്ക് അടിസ്ഥാനത്തിൽ സമ്മേളനങ്ങളിലും സെമിനാറുകളിലും നിരന്തരമുള്ള മന്ത്രിമാരുടെ സന്ദർശനപരിപാടികളിലും പങ്കെടുക്കേണ്ട തിരക്കേറിയ ജോലിയുള്ളതുകൊണ്ട് കോളേജ് അദ്ധ്യാപകർക്കും സ്കൂൾ അദ്ധ്യാപകർക്കും അനുവദിച്ചിട്ടുള്ള 10 ദിവസത്തെ ലീവ് ഇവർക്ക് ഇന്നും ''അവയിൽ'' (avail) ചെയ്തിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ അത് കൊടുക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : ഇപ്പോഴും ഒരു മാസം ശരാശരി ഒരു പഞ്ചായത്ത് കമ്മറ്റിയെങ്കിലും കൂടുമെന്നുള്ള അടിസ്ഥാനത്തിലാണ് ഈ സമിതികളിൽ സംബന്ധിക്കുന്നതിനുവേണ്ടി 10 ദിവസത്തെ അവധി അനുവദിച്ചിട്ടുള്ളത്. ഇത് മറ്റ് അവധിയുള്ള മാസങ്ങൾകൂടെ കണക്കിലെടുത്തിട്ടാണ്. ഇതിൽ കൂടുതൽ മീറ്റിംഗുകൾ ഉണ്ടെങ്കിൽ സമയം അഡ്ജസ്റ്റ്ചെയ്തോ മറ്റു തരത്തിലോ ചെയ്തുവരുന്നുണ്ട്. ഇത് പഞ്ചായത്ത് അസോസിയേഷനുമായി ചർച്ചചെയ്ത് എടുത്തിട്ടുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുമായി ചർച്ചചെയ്ത് എടുത്തിട്ടുള്ള തീരുമാനമാണ്.

ശ്രീ. കെ. കെ. ശ്രീനിവാസൻ : പഞ്ചായത്ത് അംഗങ്ങൾ രാജിവയ്ക്കാനുള്ള ഒരു കാരണം വരാനുള്ള കാരണം മുഖ്യമായി ലോക്കൽ വിംഗ് 5,000 രൂപ വരെയുള്ള മരാമത്ത് പണികൾ നടത്തുന്നതിനുള്ള അവകാശം എക്സിക്യൂട്ടീവ് ആഫീസേഴ്സിനു കിട്ടുമായിരുന്നു. അതുകൂടി എടുത്തുമാറ്റിയ കാരണംകൊണ്ടും ഏഴിന പരിപാടി ത്വരിതപ്പെടുത്താൻ വേണ്ട സിമൻറ് തുടങ്ങിയ കാര്യങ്ങളിൽ മറ്റ് സാധാരണക്കാർ അനുഭവിക്കുന്നതുപോലുള്ള വിഷമങ്ങൾ അനുഭവിക്കുന്ന പരിതഃസ്ഥിതി കണക്കിലെടുത്തുമാണ് അവർ രാജിവയ്ക്കാൻ മുന്നോട്ടുവന്നത് എന്നുള്ളത് പരിഗണിച്ചുകൊണ്ട് വളരെ വേഗം ഇതിനൊരു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി [redacted] ഇതേപ്പറ്റി പഞ്ചായത്ത് അസോസിയേഷൻ അംഗങ്ങൾ ചില നിർദ്ദേശങ്ങൾ ഉന്നയിച്ചിരുന്നു. പഞ്ചായത്ത് അസോസിയേഷന്റെ ഭാരവാഹികളുമായി ചർച്ചചെയ്ത് അവർക്ക് സ്വീകാര്യമായ ഒരു തീരുമാനം എടുത്തിട്ടുണ്ട്. ആയിരം രൂപ ആയിരുന്നു നേരത്തെ എക്സിക്യൂട്ടീവ് ആഫീസേഴ്സിന് വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാനുള്ള അംഗീകാരമുണ്ടായിരുന്നത്. അത് 5,000 രൂപയായിട്ട് ഗവൺമെൻറ് വർദ്ധിപ്പിച്ചു. ചട്ടപ്രകാരം നേരത്തെ നിലവിലിരുന്ന എല്ലാ അവകാശങ്ങളും പഞ്ചായത്തുകൾക്ക് നിലനിറുത്തിയിട്ടുണ്ട്. അതിനൊരു ഭേദഗതിയും വരുത്തിയിട്ടില്ല. എന്നാൽ പുതിയ എൻജിനീയറിംഗ് വിംഗ് വന്നതിനുശേഷം മരാമത്തുപണികൾക്ക് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട ക്രമീകരണങ്ങളെപ്പറ്റി ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. തത്വപരമായും അടിസ്ഥാനപരമായും പൊതുവേ ഭേദപ്പെട്ട നിലവാരം പുലർത്തുന്നതിന് ഉതകുന്ന നടപടികൾ തുടരുന്നതിനും പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രസിഡൻറുമാർക്ക് ഈവക കാര്യങ്ങളെ സംബന്ധിച്ച് പൊതുവിൽ ഒരു മേൽവിചാരം നടത്തുന്നതിനുള്ള അവകാശം നിലനിറുത്തിക്കൊണ്ടുള്ള തീരുമാനങ്ങളുമാണ് എടുത്തിട്ടുള്ളത്.

ഡോക്ടർ എം. എ. കുട്ടപ്പൻ : പഞ്ചായത്തു വികസന പദ്ധതികൾക്കാവശ്യമായ ഗ്രാൻറിൻെറ 50 ശതമാനംപോലും ലഭിക്കുന്നില്ലെന്നുള്ള പരാതിയുണ്ട്. അതുകൊണ്ട് പഞ്ചായത്തുകൾക്ക് ആവശ്യമായ ഗ്രാൻറിൻെറ നല്ല ശതമാനം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : അങ്ങനെയൊരു പരാതി ലഭിച്ചിട്ടില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഗവൺമെൻറ് നൽകുന്ന ഗ്രാൻറുകൾ വിതരണം ചെയ്യുന്നതിൽ ചില നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ട്. സാമാന്യം നീതിപൂർവകമായി അത് വിതരണം ചെയ്യുന്നുണ്ടെന്നാണ് പഞ്ചായത്തു പ്രസിഡൻറൻമാരുടെതന്നെ അഭിപ്രായം.

ശ്രീ. ടി. എം. ജേക്കബ് : കഴിഞ്ഞ ദിവസം പഞ്ചായത്ത് പ്രസിഡൻറൻമാരും പഞ്ചായത്ത് മെമ്പറൻമാരുമൊക്കെ സെക്രട്ടേറിയറിനു മുമ്പിൽ ഒരു ധർണ നടത്തിയതായിട്ട് പത്രത്തിൽ വാർത്ത വന്നു. അതു മാറിവയ്ക്കാനുണ്ടായ കാരണത്തെ സംബന്ധിച്ച് അസോസിയേഷൻ പ്രസിഡൻറും ഈ സഭയിലെ ഒരു മെമ്പറും പറഞ്ഞത് മന്ത്രി രേഖാമൂലം നൽകിയ ഉറപ്പിൻെറ അടിസ്ഥാനത്തിൽ സമര പരിപാടികൾ മാറിവയ്ക്കുന്നു എന്നാണ്, രേഖാമൂലം കൊടുത്ത ഉറപ്പ് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : നേരത്തെ പറഞ്ഞതുതന്നെയാണ്. പഞ്ചായത്ത് ലോക്കൽ ബോഡീസ് എൻജിനീയറിംഗ് വിംഗ് ഏപ്രിൽ മുതൽ പ്രവർത്തനം ആരംഭിച്ചു. മരാമത്തു പണികളെ സംബന്ധിച്ച് വ്യവസ്ഥകൾ എന്തെല്ലാം ആയിരിക്കണമെന്നുള്ളതിനെപ്പറ്റി പഞ്ചായത്ത് അസോസിയേഷനുമായി നേരത്തെ ചർച്ചചെയ്തത് ചില തീരുമാനങ്ങൾ എടുത്തിരുന്നു. ആ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ വ്യവസ്ഥചെയ്തുകൊണ്ടുള്ള ഒരു ജി.ഒ. ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ജി.ഒ.യിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളെ സംബന്ധിച്ച് വീണ്ടും ചില ആക്ഷേപങ്ങളും തർക്കങ്ങളും ഉന്നയിച്ചു. അതേപ്പറ്റി വീണ്ടും പഞ്ചായത്ത് അസോസിയേഷനുമായി ചർച്ചചെയ്തത് പഞ്ചായത്ത് ആക്ടിലും റൂൾസിലും നേരത്തേതന്നെ വ്യവസ്ഥചെയ്തിരുന്ന നടപടിക്രമങ്ങൾ നേരത്തെ പറഞ്ഞതുപോലെ പൊതുവായി ഈ വക കാര്യങ്ങൾ പൊതുമരാമത്ത് പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും അതിൽ പൊതുവിൽ മേൽവിചാരം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോൺഫറൻസിലെ തീരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് അവർ സമരം പിൻവലിച്ചത്.

ശ്രീ. ടി. എം. ജേക്കബ് : ലോക്കൽ അതോറിറ്റീസ് അമൻറ്മെൻറ് ബിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് പഞ്ചായത്തുകൾക്ക് എതിർപ്പുണ്ടെന്നും പറയുന്നു. ആ കാരണവും അമൻറ് ചെയ്യാൻപോകുന്ന തീരുമാനവും രാജ്യസഭയ്ക്ക് അടിസ്ഥാനമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി : അങ്ങനെയൊരു കാര്യം ചൂണ്ടിക്കാണിച്ചിട്ടില്ല. അവരുടെ ഒരു പ്രസ്താവന വന്നതുതന്നെ അഭ്യൂഹത്തിന്റെ അടിസ്ഥാനത്തിൽ ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാതൊരു പൊതുതീരുമാനവും പഞ്ചായത്ത് അസോസിയേഷൻ എടുത്തിട്ടില്ല. രാജിവയ്ക്കുന്നു എന്ന പ്രസ്താവന തൃശ്ശൂരിൽ പത്രക്കാർക്ക് നൽകിയത് അനധികൃതമാണെന്നാണ് പഞ്ചായത്ത് അസോസിയേഷന്റെ അഭിപ്രായം. ഇത് ഏതാനുംപേരുടെ അഭിപ്രായമാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ഇതുവരെ ഒരു പഞ്ചായത്തും ഉന്നയിച്ചിട്ടില്ല. അവരുടെ ആവശ്യമാണ് ഈ നിയമം പ്രാബല്യത്തിൽ വരുക എന്നത്.

ശ്രീ. പി. സി. ജോർജ് : അധികാര വികേന്ദ്രീകരണം പ്രഖ്യാപിച്ച ഇടതുപക്ഷ ഗവൺമെന്റ് ജനാധിപത്യ മര്യാദയിലൂടെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റൻമാരുടെയും മെമ്പറൻമാരുടെയും അധികാരം പിടിച്ചെടുക്കാൻ ഗൂഢശ്രമം നടത്തിയതിന്റെ അടിസ്ഥാനത്തിലല്ലേ ഇങ്ങനെ രാജി ഭീഷണി പുറപ്പെടുവിക്കാൻ പഞ്ചായത്ത് പ്രസിഡന്റൻമാരുടെ അസോസിയേഷൻ തീരുമാനിച്ചത്.

മിസ്റ്റർ സ്പീക്കർ : അസോസിയേഷൻ രാജി ഭീഷണി പുറപ്പെടുവിച്ചിട്ടില്ലെന്ന് പറഞ്ഞല്ലോ.

ശ്രീ. പി. സി. ജോർജ് : ഈ സഭയിലെ ഒരംഗവും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറും ആയ ശ്രീ. വാസുദേവമേനോൻ പ്രസിഡന്റായ പഞ്ചായത്ത് അസോസിയേഷൻ അവരുടെ ആവശ്യങ്ങളും ഡിമാൻഡുകളും മുന്നോട്ടുവച്ചിട്ട് ഒന്നും സാധിച്ചില്ലെങ്കിലും അത് ഈ ഗവൺമെന്റിനു ഭീഷണിയാണെന്നു കരുതിയല്ലേ അവരുടെ ഈ സമരം പിൻവലിച്ചത്.

ശ്രീ. ആർ. എസ്. ഉണ്ണി : പഞ്ചായത്ത് അസോസിയേഷനും ഗവൺമെന്റും തമ്മിൽ നല്ല ബന്ധമാണുള്ളത്. പഞ്ചായത്ത് അസോസിയേഷനുമായി പഞ്ചായത്തുകളുടെ ഭരണത്തെയും മറ്റു കാര്യങ്ങളെയും സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ചചെയ്ത് പരസ്പരധാരണയോടുകൂടി എടുക്കുന്ന തീരുമാനങ്ങളാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. പഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനത്തിൽ രാഷ്ട്രീയ പരിഗണനയുള്ളതായി ഗവൺമെന്റിനു ഇതുവരെ ബോദ്ധ്യപ്പെട്ടിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച ഗവൺമെന്റിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവഹിക്കുന്ന കാര്യത്തിലും ഗവൺമെന്റ് ഇതുവരെ രാഷ്ട്രീയ പരിഗണന കാണിച്ചിട്ടില്ല.

ശ്രീ. പി. സി. ജോർജ് : ജനങ്ങളുടെ ജീവിതവുമായി വളരെ കൂടുതൽ ബന്ധപ്പെടുന്ന പ്രവർത്തനങ്ങളിൽ നിരന്തരം ഏർപ്പെടുന്ന പഞ്ചായത്ത് മെമ്പറൻമാരുടെ പ്രവർത്തനബാഹുല്യം പരിഗണിച്ച് അവർക്ക് ഒരു ചെറിയ അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : ഒരു പരിഷ്കാരം ആ കാര്യത്തിൽ വരുത്തിയിരുന്നു. അതു പോര, വീണ്ടും അലവൻസ് വർദ്ധിപ്പിച്ചുകിട്ടണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി ഇക്കാര്യത്തിൽ ഒരു ഭേദഗതി വരുത്തുമ്പോൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഇത് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ : കേരളത്തിലെ എല്ലാ പഞ്ചായത്തുകളും അംഗമായിട്ടുള്ള കേരള പഞ്ചായത്ത് അസോസിയേഷനിൽ എല്ലാ പാർട്ടിയിലുംപെട്ട പഞ്ചായത്ത് പ്രസിഡൻറുമാരും അംഗങ്ങളും ആണെന്നും ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീമാൻ ദേവസിക്കുട്ടിയായിരുന്നു ഇതിൻെറ മുൻ പ്രസിഡൻറ് എന്നും അദ്ദേഹം പ്രസിഡൻറ് അല്ലാതായതിനു ശേഷമാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ വാസുദേവമേനോൻ പ്രസിഡൻറ് ആയതെന്നും ഉള്ള കാര്യം അറിയാമോ ?

(ഉത്തരം പറഞ്ഞില്ല)

ശ്രീ. പി. സീതിഹാജി : വരുമാനം കുറഞ്ഞ പഞ്ചായത്തുകളുടെ കാര്യം കണക്കിലെടുക്കുമ്പോൾ 75 രൂപ അലവൻസ് എന്നുള്ളതു ചുരുക്കി 10 രൂപയാക്കുമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : പഞ്ചായത്തുകളുടെ സാമ്പത്തികശേഷി പരിഗണിച്ചിട്ടാണ് കാലാകാലങ്ങളിൽ ഇതുപോലുള്ള കാര്യങ്ങളിൽ ഗവൺമെൻറ് തീരുമാനമെടുക്കുന്നത്. നിലവിലുള്ള അലവൻസ് നിരക്ക് പരിഷ്കരിക്കാൻ ആലോചിക്കുമ്പോഴും പഞ്ചായത്തുകളുടെ സാമ്പത്തികസ്ഥിതി പരിഗണനാർഹമാണ്.

ബസ്ചാർജ് വർദ്ധന സംബന്ധിച്ച അന്വേഷണകമ്മീഷൻെറ റിപ്പോർട്ട്

*550 [598] ശ്രീ. മണിമംഗലത്തു കുട്ട്യാലി:
,, പി. ടി. കുഞ്ഞുട്ടി ഹാജി:
,, കെ. കൃഷ്ണൻ കുട്ടി:
,, ഇ. അഹമ്മദ്:
,, എ. പി. ഹംസ:
,, എം. ആർ. രഘുചന്ദ്ര ബാൽ:
,, ഇ. രാഘവൻ നായർ:
,, എം. പി. ഗംഗാധരൻ:
,, കെ. കെ. ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണൻ:
,, എൻ. സുന്ദരൻ നാടാർ:
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബസ് ചാർജ് വർദ്ധനവിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയുക്തമായ കമ്മീഷൻെറ റിപ്പോർട്ടു ലഭിച്ചുവോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാം;

(സി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly